Janayugom 08-10-18, P-10

# പ്രളയാനന്തര കൃഷി പുനരുദ്ധാരണം: പ്രത്യേക പാക്കേജുകളുമായി വിഎഫ്പിസികെ

## പഴം-പച്ചക്കറി-കിഴങ്ങുവർഗ കൃഷിക്കായി 26 കോടിയുടെ പദ്ധതി

**പി എസ് രശ്മി**

തിരുവനന്തപുരം: പ്രളയാനന്തര കൃഷി പുനരുജീവനപദ്ധതിയുടെ ഭാഗമായി കൃഷിനാശം വന്ന കർഷകർക്ക് പ്രത്യേക പാക്കേജുകളുമായി വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ (വിഎഫ്പിസികെ). വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന 30,000 ത്തോളം കർഷകരാണ് വിഎഫ്പിസികെയ്ക്ക് കീഴിലുള്ളത്. പ്രളയം ഇവരുടെ കൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്. ഇവർക്കാണ് പ്രത്യേക പാക്കേജ് വിഎഫ്പിസികെ ഒരുക്കുന്നത്.

പ്രളയാനന്തര പുനരുദ്ധാരണ പദ്ധതിയിൽപ്പെടുത്തി പഴം-പച്ചക്കറി-കിഴങ്ങു വർഗകൃഷിക്കായി വിഎഫ്പിസികെ 26 കോടിയുടെ പദ്ധതിയാണ് നടപ്പിലാക്കുക. ഹോർട്ടികൾച്ചർ മിഷന്റെ പ്രത്യേക പാക്കേജ് പ്രകാരമുള്ള പദ്ധതിക്ക് കൗൺസിലിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഏത്തവാഴ, പൈനാപ്പിൾ, പച്ചക്കറികൾ, ഇഞ്ചി,മഞ്ഞൾ തുടങ്ങിയ വിളകളുടെ കൃഷിയ്ക്കാണ് സഹായം നൽകുന്നത്. വി എഫ്പിസികെയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയ കർഷക സംഘങ്ങളിലൂടെയാണ് പദ്ധതി നടപ്പിലാക്കുക. പ്രളയത്തിൽ നാശം സംഭവിച്ച മുഴുവൻ കർഷകർക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കും. വി എഫ് പി സികെ മാനേജർമാർക്കായിരിക്കും ചുമതല. സ്വാശ്രയ സംഘങ്ങളുടെ യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കും.

കർഷകർക്കാവശ്യമായ നടീൽ വസ്തുക്കൾ , സംയോജിത വള പ്രയോഗം, കീട നിയന്ത്രണം, എന്നിവയ്ക്കുണ്ടാകുന്ന മൊത്തം ചെലവിൽ 50 ശതമാനം കർഷകർക്ക് സബ്സിഡിയായി ലഭിക്കും. വാഴകൃഷിക്കും പൈനാപ്പിൾ കൃഷിക്കും 26250 രൂപ വരെയും പച്ചക്കറികൾക്കും കിഴങ്ങു വർഗങ്ങൾക്കും 20000 രൂപ വരെ യും പദ്ധതിയിൽ സഹായം ലഭിക്കും. പദ്ധതിക്ക് അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ ക്ഷണിച്ചു തുടങ്ങിയിട്ടുണ്ടെന്ന് വിഎഫ്പിസികെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ സജി ജോൺ ജനയുഗത്തോട് പറഞ്ഞു. സംസ്ഥാനത്ത് 10000 ത്തോളം സ്വാശ്രയ കർഷകസമിതികൾ യോഗം ചേർന്ന് ഉടൻ തന്നെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കും. വി എഫ് പി സി കെ യ്ക്ക് കീഴിലെ കർഷകർക്ക് 200 കോടിയുടെ വിള നാശം പ്രളയത്തിൽ സംഭവിച്ചിട്ടുണ്ട്.

പാലക്കാട് ആലത്തൂരാണ് വി എഫ് പി സികെ യുടെ വിത്തുൽപ്പാദന-സംസ്ക്കരണ കേന്ദ്രം. പ്രളയകാലത്ത് ഇവർക്ക് വൻ നഷ്ടമാണ് സംഭവിച്ചിട്ടുള്ളത്. ആലത്തൂരിലെ വിത്തുൽപാദക കർഷകർക്കും പ്രത്യേക പാക്കേജിനാണ് അനുമതി തേടിയിരിക്കുന്നത്. പാലക്കാട് ജില്ലയിലെ ചിറ്റൂർ, പെരുമാട്ടി, കൊല്ലങ്കോട്, കൊഴിഞ്ഞാമ്പാറ തുടങ്ങിയ മേഖലകൾ കേന്ദ്രീകരിച്ചാണ് വിഎഫ്പിസികെ വിത്തുൽപാദന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. വിത്തുൽപാദനത്തിനു വേണ്ട വരണ്ട കാലാവസ്ഥയും, ജനിതകശുദ്ധിയ്ക്കായി നല്ല വിസ്തൃതിയിൽ ഭൂമിയും ലഭ്യമാകുന്നതു കൊണ്ടാണ് വിത്തുൽപാദനത്തിനു ഈ പ്രദേശം തിരഞ്ഞെടുത്തത്. വിഎഫ്പിസികെ യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 184 വിത്തുൽപാദക കർഷകർ വഴിയാണ് ഇവിടെ വിത്തുൽപാദനം നടത്തിവരുന്നത്.

പ്രളയത്തിന് ശേഷം മണ്ണിന്റെ ഘടനയിലും ആവാസ വ്യവസ്ഥയിലും ശോഷണം സംഭവിച്ചിട്ടുണ്ട്. അത് റീചാർജ് ചെയ്യാനുള്ള പ്രത്യേക പദ്ധതിയും സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രളയസമയത്ത് സ്വാശ്രയ കർഷക വിപണികൾക്ക് കോടികളുടെ നഷ്ടമുണ്ടായിട്ടുണ്ട്. ആ നഷ്ടം പരിഹരിക്കുന്നതിനുള്ള പദ്ധതികളും വി എഫ് പി സികെ തയ്യാറാക്കുന്നുണ്ട്. പ്രളയത്തിന് ശേഷം കാർഷികമേഖലയെ തിരിച്ചു പിടിക്കുവാൻ ഊർജിത പച്ചക്കറികൃഷിക്കുള്ള വിപുലമായ പദ്ധതി കൃഷിവകുപ്പ് ആവിഷ്കരിക്കുന്നുണ്ട്. ഒക്ടോബർ മുതൽ ജനുവരി വരെയാണ് പദ്ധതി കാലയളവ് തീരുമാനിച്ചിട്ടുള്ളത്.